സെന്റ് മേരി സ്കൂളിനു സമീപം, പുതിയിടം.

2. വിജയകുമാർ
പാലമറ്റത്ത് ഹൗസ്
പെരിനാട് പി.ഒ., കണ്ടനാട്

3. അനിൽ ആർ.
വലയക്കകത്ത് തറയിൽ,
കണ്ടല്ലൂർ തെക്ക് പി.ഒ

4. എം.സി. ജേക്കബ്
മോഡിയിൽ കൃഷ്ണപുരം,
കായംകുളം

(സി) നിലവിലുള്ള ഈ വെജിറ്റബിൾ വിപണന സ്ഥാപനങ്ങളിലെ ശരാശരി പ്രതിമാസ വിറ്റുവരവ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പുതിയിടം സസ്യസൂപ്പർ മാർക്കറ്റ് | - | 28,000 രൂപ |
| കണ്ടനാട് മിനി മാർക്കറ്റ് | - | 16,000 രൂപ |
| പുല്ലുകുളങ്ങര മിനി മാർക്കറ്റ് | - | 18,000 രൂപ |
| കെ.പി.എ.സി. ജംഗ്ഷൻ ഹരിത സ്റ്റാൾ | - | 22,000 രൂപ |

(ഡി) മൂന്ന് അപേക്ഷകൾ ബാക്കിയുണ്ട്.

(ഇ) 49 സ്റ്റാളുകൾ.

**108 (2671) മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ പ്രവർത്തനം**

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ പ്രവർത്തനം നിലച്ചുപോയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതുകാരണം അതിലെ ജീവനക്കാരും പെൻഷൻകാരും വേതനവും പെൻഷനും കിട്ടാതെ വിഷമിക്കുന്ന കാര്യം സംബന്ധിച്ച് അവിടത്തെ പെൻഷൻകാരുടെ സംഘടന നിവേദനം നടത്തിയിട്ടുണ്ടോ;

(സി) മാർക്കറ്റ് കമ്മിറ്റി ജീവനക്കാർ നിയമപ്രകാരം ലോക്കൽ അതോറിറ്റികളിലെ ജീവനക്കാർക്ക് തുല്യമാണോ;

(ഡി) എങ്കിൽ മാർക്കറ്റ് കമ്മിറ്റി പ്രവർത്തനം നിലച്ചുപോയ സാഹചര്യത്തിൽ ജീവനക്കാർക്ക് വേതനവും പെൻഷൻകാർക്ക് പെൻഷനും നൽകാനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം നൽകിയിട്ടുണ്ട്.

423/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) അല്ല.

(ഡി) മാർക്കറ്റിംഗ് കമ്മിറ്റിയുടെ ആസ്തി, ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

**109 (2672) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന "പരസ്പരം" പരിപാടി**

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് "പരസ്പരം" എന്ന പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നതെന്താണെന്നും ഇതുമൂലം കൃഷിക്കാർക്കുണ്ടാകുന്ന പ്രയോജനം എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി, പരിഹാരം കണ്ടെത്തുകയാണ് പരിപാടിയുടെ ഉദ്ദേശം.

**110 (2673) താൽക്കാലിക വികലാംഗ ജീവനക്കാർക്ക് പുനർ നിയമനം**

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ സർക്കാർ ഉത്തരവ് ജി.ഒ.(പി) 32/98 പി.&എ. ആർ.ഡി. തീയതി 17.5.98 പ്രകാരം എത്ര താൽക്കാലിക ജീവനക്കാരായ വികലാംഗർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്; പുനർനിയമനം നൽകേണ്ടത് ആരാണ്;

(ബി) എറണാകുളം ജില്ലയിൽ എത്രപേർ പുനർനിയമനത്തിന് അപേക്ഷ നൽകിയിട്ടുണ്ട്; ഇവർ ആരെല്ലാം; ഇവർ അപേക്ഷ നൽകിയത് എന്നാണ്;

(സി) ഇതിൽ എത്രപേരെ പുനർനിയമിച്ചു; ആരെല്ലാം;

(ഡി) ഇതിൽ പലരും പുനർനിയമനത്തിന് വളരെ നേരത്തെ അപേക്ഷിച്ചിട്ടും പുനർനിയമനം നൽകാത്തതിന്റെ കാരണം എന്താണ്;

(ഇ) ഇക്കാര്യത്തിൽ കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly